ആലപ്പുഴ: കുട്ടനാട് മണ്ഡലത്തിൽ പുളിങ്കുന്ന് - ചമ്പക്കുളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മണിമല നദിക്ക് കുറുകെ പിണറായി സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് പാലം വിഭാഗം നിർമ്മിച്ച വളരെ തന്ത്ര പ്രധാനമായ മങ്കൊമ്പ് പാലത്തിന്റെ ഉദ്ഘാടനം ജൂൺ 15 രാവിലെ 10 മണിക്ക് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ നിർവ്വഹിക്കും. കോവിഡ് മഹാമാരി കാരണം ആൾകൂട്ടം ഇല്ലാതെ വളരെ ചുരുങ്ങിയ ആളുകളെ പങ്കെടുപ്പ് കൊണ്ടാകും ചടങ്ങ് സംഘടിപ്പിക്കുന്നത്. പൊതുയോഗം ഉണ്ടായിരിക്കുന്നതല്ല. പ്രസംഗങ്ങൾ ഉണ്ടായിരിക്കുന്നതല്ല. കുട്ടനാട് താലൂക്കിൽ ഈ സർക്കാര് വന്നതിന് ശേഷം ഉദ്ഘാടനം ചെയ്യുന്ന മൂന്നാമത്തെ വലിയ പാലങ്ങളിൽ ഒന്നാണ് ഇത്. കഞ്ഞിപ്പാടം - വൈശ്യം ഭാഗം പാലം, ചമ്പക്കുളം - കനാല് ജെട്ടി പാലം എന്നിവ നേരത്തെ ഉദ്ഘാടനം ചെയ്തിരുന്നു. ഇപ്പോൾ മങ്കൊമ്പ് പാലം ഉദ്ഘാടനം ചെയുകയാണ്.

മൂന്ന് മാസത്തിനുള്ളിൽ കൈനകരിയിലെ പാലവും പണി പൂർത്തിയായി ഉദ്ഘാടനം ചെയ്യാന് സാധിക്കും. ഇത് കൂടാതെ 8 പാലങ്ങളുടെ കൂടി നിർമ്മാണം ആരംഭിക്കുകയാണ്. കുട്ടനാട് താലൂക്കിൽ മാത്രം 12 പാലങ്ങളാണ് പൊതുമരാമത്ത് വകുപ്പ് പിണറായി സർക്കാരിന്റെ കാലത്ത് നിർമ്മിക്കുന്നത്. മങ്കൊമ്പ് പാലത്തിന്റെ വടക്കെ കരയില് ഒരു റോഡ് നിർമ്മിക്കാനും പൊതുമരാമത്ത് വകുപ്പ് പദ്ധതി ഇട്ടിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ ഒട്ടാകെ 72 പാലങ്ങളാണ് നിർമ്മിച്ച് കൊണ്ടിരിക്കുന്നത്. അതിൽ 12 ഓളം പാലങ്ങള് ഉദ്ഘാടനം ചെയ്ത് കഴിഞ്ഞു. ബാക്കി നിർമ്മാണ ഘട്ടത്തിലാണ്. ഇതിന് പുറമെയാണ് 24 കി.മീറ്റർ വരുന്ന ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിൽ ചെറുതും വലുതുമായ 80 പാലങ്ങളുടെ നിർമ്മാണങ്ങളാണ് നടക്കുന്നത്. അങ്ങനെ പാലം നിർമ്മാണ രംഗത്ത് ഒരു കാലത്തുമുണ്ടാകാത്ത വിപ്ലവകരമായിട്ടുള്ള പുരോഗതിയാണ് ആലപ്പുഴ ജില്ലയിൽ നടക്കുന്നത്.

കേരളത്തിൽ ഒട്ടാകെ 700 ഓളം പാലങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ നിർമ്മിച്ചതും നിർമ്മിച്ച് കൊണ്ടിരിക്കുന്നതും. കൊറോണ കാരണം പൊതുജനങ്ങളെ പങ്കെടുപ്പിച്ച് വിപുലമായ നടത്തേണ്ട പരിപാടി അങ്ങനെ കഴിയാത്തതിലുള്ള ഖേദവും

പൊതുമരാമത്ത് മന്ത്രി ജി.സുധാകരൻ പൊതുജനങ്ങളുടെ മുമ്പാകെ അറിയിച്ചു.
തത്സമയം കുട്ടനാട് എം.പി കൊടുക്കുന്നിൽ സുരേഷ് അധ്യക്ഷത വഹിക്കും. ജില്ലാ കളക്ടർ അലക്സാണ്ടര് ഐ.എ.എസ്, ജില്ലാ പഞ്ചായത്ത് അംഗം കെ.കെ.അശോകൻ, പുളിങ്കുന്ന്, ചമ്പക്കുളം, പഞ്ചായത്ത് പ്രസിഡന്റുമാര് ചമ്പക്കുളം ബ്ലോക്ക് പ്രസിഡന്റ് എന്നിവർ തദ്ദവസരത്തില് സന്നിഹിതരായിരിക്കും. ചിഫ് എഞ്ചിനീയർ ബ്രിഡ്ജസ് മനോമോഹനും സൂപ്രണ്ടിംഗ് എഞ്ചിനീയറും എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, അസിസ്റ്റന്റ് എഞ്ചിനീയറും മറ്റ് മരാമത്ത് ഉദ്യോഗസ്ഥരും സന്നിഹിദരാകും.
--